# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1381 — 04.02.2019 -ൽ മറുപടിക്ക്

## ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കാമോ; | (എ) | ഓച്ചിറ വില്ലേജിൽ സ്മാർട്ട് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദിനാട്, കല്ലേലിഭാഗം വില്ലേജാഫീസുകളിൽ അഡീഷണൽ റൂം നിർമ്മാണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതുമാണ്. |
| (ബി) | വില്ലേജ് ഓഫീസുകളുടെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് ഇവിടെ നടപ്പിലാക്കി വരുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) | വില്ലേജ് ഓഫീസുകളുടെ ആധുനികവത്ക്കരണ വുമായി ബന്ധപ്പെട്ട് സ്മാർട്ട് റവന്യൂ പദ്ധതി, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വ ത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായ ത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയിലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

| | |
|---|---|
| (സി) താലൂക്ക് കോൺഫറൻസ് ഹാളിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) കോൺഫറൻസ് ഹാളിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**